ഇന്നത്തെ മുസ്‌ലിംകൾ. രണ്ടു കൂട്ടരുടെയും ജീവിതം ചേർത്തുവച്ചാൽ പട്ടുനൂലും വാഴനാരും തമ്മിലുള്ള വ്യത്യാസം കാണാം. എന്തുകൊണ്ടിങ്ങനെ സംഭവിച്ചു എന്ന് ആരും അത്ഭുതപ്പെട്ടുപോകും. അല്ലാഹുവിന്റെയും നബിയുടെയും നിർദേശങ്ങൾ എപ്പോഴെല്ലാം പാലിക്കാതിരുന്നുവോ അപ്പോഴെല്ലാം മുസ്‌ലിംകൾ പരാജയപ്പെട്ടിട്ടുണ്ട്. പ്രവാചകൻ പറഞ്ഞു: "ഒരു കാലം വരും. അന്ന് സുപ്രയിലെ ഭക്ഷണമെന്ന പോലെ മുസ്‌ലിംകളെ നാനാഭാഗത്തുനിന്നും ശത്രുക്കൾ ആക്രമിക്കുന്ന അവസ്ഥ വരും" അനുചരന്മാർ ചോദിച്ചു: "ദൈവദൂതരേ, അന്ന് മുസ്‌ലിംകൾ എണ്ണത്തിൽ കുറവാകുന്നതുകൊണ്ടാണോ അങ്ങനെ സംഭവിക്കുക?" നബി പറഞ്ഞു: "അല്ല. എണ്ണത്തിൽ ഏറെയുണ്ടാകും. പക്ഷേ, മലവെള്ളത്തിലെ ചണ്ടിപോലെ ദുർബലരായിരിക്കും."

ഉഹ്ദ് മലയിൽ നബി കാവൽ നിർത്തിയ ഭടന്മാരിൽ ഒരു വിഭാഗം നബിയുടെ അനുവാദം കിട്ടുംമുമ്പേ താഴേക്ക് ഓടിയിറങ്ങി. ശത്രുക്കൾ വിട്ടേച്ചുപോയ സമ്പത്ത് വാരിക്കൂട്ടാനുള്ള ത്വരയായിരുന്നു പ്രേരണ. ഈ തക്കം നോക്കി ശത്രുക്കൾ കടന്നാക്രമിക്കുകയും മുസ്‌ലിംകൾ യുദ്ധത്തിൽ പരാജയപ്പെടുകയും ചെയ്തു. ഭൗതിക സമ്പത്തിനേക്കാൾ അല്ലാഹുവിന്റെ തൃപ്തിയും പരലോക മോക്ഷവുമാണ് വലുത് എന്ന് ഖുർആൻ ഓർമപ്പെടുത്തിയിരുന്നു. പക്ഷേ, ഒരു ദുർബല നിമിഷത്തിൽ ഹൃദയം ശൂന്യമായിപ്പോയി. പരലോകത്തിനു പകരം ദുനിയാവ് അവരെ ഭ്രമിപ്പിച്ചു. പക്ഷേ, ഈ തിന്മയുടെ ഗർത്തത്തിൽനിന്ന് അവർ വളരെ വേഗം കരകയറി. ഈമാനിന്റെ കൊടുമുടികൾ കീഴടക്കി. ഭൗതിക സമ്പത്ത് വാരിക്കൂട്ടാൻ ഈമാനിന്റെ കുന്നിറങ്ങിയ ആധുനിക മുസ്‌ലിം, പക്ഷേ, മടങ്ങിപ്പോകാൻ കൂട്ടാക്കിയില്ല. ത്യാഗത്തിന്റെ മലമ്പാതകൾ താണ്ടാൻ തയാറായില്ല. പൂർവസൂരികളുടെ പശ്ചാത്താപ ബോധമാണ് ആധുനിക മുസ്‌ലിമിന് ഇല്ലാതെ പോയത്.

'വിശ്വാസികളാണെങ്കിൽ നിങ്ങളാണ് ഉന്നതർ' എന്ന അല്ലാ

കവിത

# സമൃദ്ധി

▸ ഉസ്മാൻ പാടലടുക്ക

ദരിദ്രർ
ധനികരെപ്പോലെ
ദരിദ്രരല്ല.
ദാരിദ്ര്യരേഖയിൽ
ചുവടെയാണെങ്കിലും
സമാധാന രേഖയിൽ
സമുന്നതരാണ്.

അവർ,
നിദ്രാവിഹീനരല്ല.
ദിവാസ്വപ്നങ്ങളില്ല.
യാഥാർഥ്യ ഭീതിയില്ല.
അക്രമിക്കപ്പെടുമോ എന്ന
ആധിയില്ല.
പുടവ സ്വൽപം മുഷിഞ്ഞതാണേലും,
വേഷം കപടമല്ല.

ദരിദ്രർ,
ധനികരെപ്പോൽ
ദരിദ്രരല്ലേൽ
ധനികർ
ദരിദ്രരെപ്പോൽ
ധനികരുമല്ല.

•



വീട്ടുക എന്നാണദ്ദേഹം ഉദ്ദേശി ച്ചിട്ടുള്ളതെന്ന് അത് വ്യക്തമാ ക്കുന്നുണ്ട്. ഇതര നമസ്കാരങ്ങളിലും ഒരു സലാം വീട്ടുക എന്നതായിരുന്നു തിരുചര്യ എന്ന് കണക്കാക്കി ജനാസ നമസ്കാരത്തിലും ഒരു സലാമേ വീട്ടി യിരുന്നുള്ളൂ എന്നും ആകാവുന്നതാ ണ്. അതായത് അവിടുന്ന് ചിലപ്പോൾ രണ്ടു സലാം വീട്ടിയിരുന്നു, മറ്റു ചില പ്പോൾ ഒരു സലാമായിരുന്നു വീട്ടി യിരുന്നത്."


പക്ഷേ ഈ സാധ്യത വിദൂര മാണ്, കാരണം തിരുമേനി ഒരു സലാ മായിരുന്നു വീട്ടിയിരുന്നത് എന്ന് സ്ഥിരപ്പെട്ടിട്ടുണ്ടെങ്കിലും ഇബ്നു മസ്ഊദ് അങ്ങനെ റിപ്പോർട്ട് ചെയ്തിട്ടില്ല. അതിനാൽ തന്നെ ആ വിഭാവന 'സാധാരണ നമസ്കാര ങ്ങളിലെ സലാം വീട്ടുന്നത് പോലെ' എന്ന പ്രസ്താവനയിൽ പെടുക യുമില്ല.

രണ്ടു സലാം വീട്ടലാണ് പ്രബലം എന്ന ഇബ്നു മസ്ഊദിന്റെ ഹദീസിന് മറ്റൊരു തെളിവ് കൂടി ശൈഖ് അൽബാനി ഉദ്ധരിക്കുന്നുണ്ട്. അതെല്ലാം സമർഥിച്ച ശേഷം 85-ാം നമ്പറിൽ അബൂഹുറയ്റ റിപ്പോർട്ട് ചെയ്ത, 'നബി(സ) ഒരു ജനാസക്ക് വേണ്ടി നമസ്കരിച്ചു. അങ്ങനെ നാലു തക്ബീറുകൾ ചൊല്ലുകയും ഒരു സലാം വീട്ടുകയും ചെയ്തു' എന്ന ഹദീസുദ്ധരിച്ചു കൊണ്ട്, ഒരു സലാ മിൽ ഒതുക്കുന്നതും അനുവദനീ യമാകും എന്ന് വ്യക്തമാക്കിയിരിക്കു ന്നു. 'ഒരു സലാം വീട്ടിയാലും മതിയാ കും' എന്ന പ്രയോഗം ശ്രദ്ധിക്കുക. ഒരു വലിയ സലഫി പണ്ഡിതനാണ് ഇത് പറയുന്നത്. വസ്തുത ഇതായി രിക്കെ എന്തിനാണ് ഇത്തരം വിഷയ ങ്ങളിൽ വാശിപിടിക്കുന്നത്?

**ശാഫിഈ മദ്ഹബ് എന്തുപറയുന്നു?**

മയ്യിത്ത് നമസ്കാരത്തിൽ രണ്ട് സലാം വീട്ടുക തന്നെ വേണമെന്ന് വാശിപിടിച്ച സുന്നി സഹോദരനോട് പറയാനുള്ളതും, ഇത്തരം സന്ദർഭ ങ്ങളിൽ പരമാവധി വിട്ടുവീഴ്ച ചെയ്യണമെന്നാണ്. സന്ദർഭത്തിന്റെ തേട്ടം പരിഗണിച്ച് അൽപം വിട്ടുവീഴ് ചയാകുന്നത് താങ്കളംഗീകരിക്കുന്ന മഹാനായ ശാഫിഈ(റ) തന്റെ ജീവി

കവിത



# ശിൽപം

▸ ബൈജു ടി. ഷയ്ബു, കോരങ്ങാട്

എത്രയോ തലമുറകൾ നിന്റെ-
ശിരസ്സിൽ ആഞ്ഞുചവിട്ടി-
അന്ന് നീ വെറുമൊരു-
കല്ലായിരുന്നു.
രക്തമില്ലാത്ത നിന്റെ മേനിയിലൂടെ
എന്റെ ഉളി പാഞ്ഞുനടന്നപ്പോഴാണ്
നിനക്കൊരു രൂപമുണ്ടായത്
മനോഹരമായ ഒരു സ്ത്രീരൂപം
സ്ത്രീ സൗന്ദര്യത്തിന് മാറ്റു-
കൂട്ടുന്നതെല്ലാം ഞാൻ നിനക്കു നൽകി
അങ്ങനെ ആ പഴയ കല്ലിൽനിന്നും
നീയൊരു സ്ത്രീ ശിൽപമായ് മാറി
പക്ഷേ നിന്നെ ഞാനെവിടെ-
പ്രതിഷ്ഠിക്കും?
വകതിരിവില്ലാത്തവർ വഴി നടക്കുന്ന
ഈ വഴിയരികിൽ നീ തനിച്ചായാൽ
ഒരു പക്ഷേ ഒരൊറ്റ കയ്യൻ
ഇതുവഴി വന്നാലോ...

•